**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1406** **19-06-2024 - ൽ മറുപടിയ്ക്ക്**

**സ്കൂൾ വിദ്യാഭ്യാസത്തിന്റെ നിലവാരം വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | എസ്.എസ്.എൽ.സി. പരീക്ഷ വിജയിക്കുവാൻ ഈ വർഷം മുതൽ എഴുത്ത് പരീക്ഷയ്ക്ക് 30% മാർക്ക് നിർബന്ധമാക്കുമെന്ന് വകുപ്പ് മന്ത്രി പ്രസ്താവന നടത്തിയതിന്റെ പശ്ചാത്തലം വ്യക്തമാക്കുമോ; | (എ) | (എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ മേഖല പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ പാതയിലൂടെ മുന്നോട്ട് പോവുകയാണ്. ഏറെ വർഷങ്ങൾക്കു ശേഷമാണ് സമഗ്രമായ പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങൾ നടക്കുന്നത്. പാഠ്യപദ്ധതിയുടെ അഭിഭാജ്യ ഘടകം എന്ന രീതിയിൽ വിലയിരുത്തൽ രീതിശാസ്ത്രവും സമഗ്രവുമായ പരിഷ്കരണത്തിന് വിധേയമാകേണ്ടതുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ആത്യന്തിക വിലയിരുത്തലും നിരന്തരം വിലയിരുത്തലും പരിഷ്കരണത്തിന് വിധേയമാക്കേണ്ടതുണ്ട്. |
| (ബി) | സംസ്ഥാനത്തെ സ്കൂൾ വിദ്യാഭ്യാസത്തിന്റെ നിലവാരം സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിലാണോ പ്രസ്തുത പ്രസ്താവന നടത്തിയത്; എങ്കിൽ പഠനത്തിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണ്; | (ബി) | (ബി) സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തിനാണ് പൊതുവിദ്യാഭ്യാസ വകുപ്പ് ഊന്നൽ നൽകിയിരിക്കുന്നത്. സ്കൂൾ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ദേശീയ സർവ്വേകളിൽ എന്നും മുന്നിൽ നിന്ന സംസ്ഥാനമാണ് കേരളം. സംസ്ഥാനത്ത് 10 വർഷങ്ങൾക്ക് ശേഷം പ്രീ-പ്രൈമറി മുതൽ ഹയർസെക്കണ്ടറി തലംവരെ പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. പാഠ്യപദ്ധതി അഭിഭാജ്യ ഘടകമായ മൂല്യനിർണ്ണയ രീതികൾ കാലോചിതമായി പരിഷ്കരിക്കേണ്ടതുണ്ട്. അതിൽ നിരന്തര മൂല്യനിർണ്ണയ രീതിയും ആത്യന്തിക വിലയിരുത്തൽ രീതിയും ഉൾപ്പെടും. ഇത്തരം പരിഷ്കരണങ്ങൾ നടത്തുമ്പോൾ ദേശീയ സംസ്ഥാന തലങ്ങളിൽ നടത്തുന്ന വിവിധ പഠനങ്ങളുടെ റിസൾട്ട് പരിശോധിക്കാറുണ്ട്. |
| (സി) | പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2024-25 അധ്യയന വർഷം നാളിതുവരെ എന്തൊക്കെ ഒരുക്കങ്ങളും പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | (സി) പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി ഗുണമേന്മാ വിദ്യാഭ്യാസത്തിനായുള്ള മൂല്യനിർണ്ണയ പരിഷ്കരണം എന്ന വിഷയത്തിൽ 2024 മേയ് 28-ന് തിരുവനന്തപുരത്ത് ഏകദിന വിദ്യാഭ്യാസ |

| | | | |
|---|---|---|---|
| | | | കോൺക്ലേവ് പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തിയിരുന്നു. |

സെക്ഷൻ ഓഫീസർ